വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : ഇത് 1960 കാലഘട്ടത്തിൽ Grow more food Programme-ൽ ഗവൺമെന്റ് കൃഷിക്കാർക്ക് നൽകിയിരിക്കുന്ന ഭൂമിയാണ്. 1970-ൽ പട്ടയം നൽകിയി ട്ടുണ്ട്. പക്ഷേ ഈ ഭൂമിയുടെ പട്ടയം നൽകുമ്പോഴും ഭൂമി കൃഷിക്കാർക്ക് പതിച്ചുകൊടുക്കുമ്പോഴും നിലവിലുള്ള ചട്ടങ്ങൾക്കെതിരെയുള്ള മരങ്ങൾ മുറിക്കാൻ കർഷകർക്ക് അവകാശമില്ല. അത് സർക്കാരിൽ നിക്ഷിപ്തമാണ്. കൊടുക്കുമ്പോഴുള്ള മരത്തിന് പുറമെ കർഷകർ നട്ടുവളർത്തിയ മരമാണെങ്കിൽപ്പോലും അവർക്ക് മുറിക്കാൻ അവകാശമില്ല. സ്വത്തിനോ ജീവനോ അപകടമുണ്ടെങ്കിൽപ്പോലും ആ മരം മുറിക്കാനും അത് സർക്കാരിലേക്ക് മുതൽകൂട്ടാനുമാണ് വ്യവസ്ഥ. ഈ മരം മുറിക്കണമെങ്കിൽ Kerala Forest Preservation Reproduction and Disposal of Trees and Timber belonging to Government but grown on land in the occupation of private persons, 1975-ലെ ചട്ടങ്ങൾ അനുസരിച്ചാണ്. അവർക്ക് കൊടുത്ത പട്ടയത്തിൽ തന്നെ വ്യവസ്ഥ വച്ചിരിക്കുന്നതിൽ നമ്പർ വൺ വ്യവസ്ഥയാണിത്. അനുവദിച്ചു കിട്ടിയ സ്ഥലത്തിന് അകത്തുള്ളതും പട്ടയത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വനവൃക്ഷങ്ങളുടെയും പൂർണ്ണഅവകാശം വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതും ആ ഭൂമിയിൽ പതിച്ചുകൊടുക്കുന്ന സമയത്തുള്ളതോ അതിനുശേഷം ഉണ്ടാകുന്നതോ ആയ എല്ലാ വൃക്ഷങ്ങളും സംരക്ഷിക്കാൻ പതിച്ചു കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ മുറിക്കാനും ഉപയോഗിക്കാനും അവർക്ക് അവകാശമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് അവിടുത്തെ മാത്രം പ്രശ്നമല്ല. അത് മലയോര പ്രദേശത്തെ ആയിരക്കണക്കിന് കർഷകരെ ബാധിക്കുന്ന പ്രശ്നമാണ്. ഇടുക്കിയിലെ എല്ലാ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.മാരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ്. ഇത് അനുചിതമാണ്. നിലവിലുള്ള ചട്ടങ്ങൾ അനുചിതമാണ് എന്നതിൽ ഗവൺമെന്റിന് സംശയമില്ല. ന്യായമായ അവകാശമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഭൂമി ഡിസ്റിസർവ് ചെയ്യാനുള്ള നടപടികൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ക്യാബിനറ്റ് അനുമതിയോടുകൂടി ഗവൺമെന്റ് അനന്തര നടപടികൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

## (3) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ കിണറിന്റെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണം

ശ്രീ. പി. നാരായണൻ: സർ, വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായി 12.35 ലക്ഷം രൂപ മുതൽമുടക്കി നടത്തുന്ന കിണറിന്റേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റേയും നിർമ്മാണ പ്രവർത്തനം നടന്നുവരവെ കിണറിന്റെ പ്രവർത്തനം ഇടക്കാലത്ത് പലവട്ടം സ്തംഭിച്ചുപോയി. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ഗൗരവം മനസ്സിലാക്കി വീണ്ടും ഉദ്യോഗസ്ഥൻ മാരുടെ യോഗം വിളിച്ചുകൂട്ടി അടിയന്തിരമായി വർക്ക് ചെയ്തു തീർക്കുവാൻ വേണ്ടി നിർദ്ദേശം കൊടുത്തിരുന്നു. എന്നിട്ട് 8 മാസം കഴിഞ്ഞിട്ടും

LIBRARY ARCHIVES Kerala Legislative Assembly

വർക്ക് ചെയ്ത് തീർക്കാൻ കോൺട്രാക്റ്റർ തയ്യാറാകുന്നില്ല. ഇതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങൾ കോൺട്രാക്റ്റർ പാലിക്കുന്നില്ല. വൈക്കത്തെ കുടിവെള്ളത്തിന്റെ രൂക്ഷത മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കോൺട്രാക്റ്ററുടെ കരാർ പണികൾ റദ്ദ് ചെയ്യാൻ വേണ്ട നിർദ്ദേശം ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കണമെന്നും അതുപോലെ തന്നെ കിണറിന്റെ വർക്ക് റീടെൻഡർ ചെയ്തും ടാങ്കിന്റെയും പൈപ്പ് ലൈനിന്റെയും വർക്ക് അടിയന്തിരമായി ചെയ്ത് തീർക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): വൈക്കം ഓഗ്മെന്റേഷൻ സ്കീമിന്റെ പണിയിൽ ബഹുമാനപ്പെട്ട ശ്രീ. നാരായണൻ പറഞ്ഞതുപോലെ അൽപ്പം ചില തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. കിണറിന്റെ പണി ഏറ്റെടുത്തിരിക്കുന്ന കരാറുകാരന് പണി പൂർത്തിയാക്കാൻവേണ്ടി നീട്ടിക്കൊടുത്ത കാലാവധി അവസാനിച്ചത് 5-5-2004-ലാണ്. പണിയുടെ പ്രോഗ്രസ് വളരെ മോശമായതുകൊണ്ട് എം.എൽ.എ തന്നെ എനിക്ക് പെറ്റീഷൻ തന്നു. ഞാൻ വർക്ക് ഓർഡർ ടെർമിനേറ്റ് ചെയ്തുകൊണ്ട് അനന്തര നടപടികൾ സ്വീകരിക്കാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തു. അതിന്റെയടിസ്ഥാനത്തിലുള്ള നടപടികൾ ആരംഭിച്ചുവരികയാണ്. ഇനി നോട്ടീസ് കൊടുക്കേണ്ട കാര്യം മാത്രമേയുള്ളു. എത്രയും പെട്ടെന്ന് ഈ സ്കീം പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) നെൻമാറ-നെല്ലിയാമ്പതി റോഡ്

ശ്രീ. കെ. എ. ചന്ദ്രൻ: സർ, നെൻമാറ-നെല്ലിയാമ്പതി റോഡ് അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ അത്യാവശ്യം സംബന്ധിച്ചാണ് ഈ സഭയിൽ ഉന്നയിക്കുന്നത്. നെല്ലിയാമ്പതി ഒരു ടൂറിസ്റ്റ് മേഖലയാക്കി വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടി റോഡ് സൗകര്യം മെച്ചപ്പെടുത്തേണ്ടതിന്റെ അത്യാവശ്യം പറയാതെ നമുക്കെല്ലാവർക്കുമറിയാം. അതിനുവേണ്ടി ടൂറിസം വകുപ്പും മന്ത്രിയും നിതാന്ത ശ്രദ്ധ ചെലുത്തി ആന്ധ്രയിൽ നിന്ന് 29-9-2001-ൽ നബാർഡ് 25 കോടി രൂപ ഈ റോഡ് വികസനത്തിനായി അനുവദിച്ച് പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പാണ് ഇനി റോഡ് വികസന പ്രവൃത്തികൾ നടത്തേണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥൻമാരും അടിമുതൽ മുടി വരെ നിതാന്ത ജാഗ്രതയോടുകൂടി താൽപ്പര്യപൂർവ്വം ഇതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. എന്നിരിക്കിലും ഇത് 0/00 മുതൽ 8/00 വരെ നെൻമാറയിൽ നിന്നും പോത്തുണ്ടി വരെയുള്ള വർക്ക് തുടങ്ങി. അത് മെച്ചപ്പെട്ട നിലയിൽ പോയ്ക്കൊണ്ടിരിക്കുന്നു. അതിന് 208 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ബാക്കി വരുന്ന 2292 ലക്ഷം രൂപയുടെ വർക്ക് തുടർന്ന് നടത്തേണ്ടതുണ്ട്. ഇത് പൂർത്തിയാക്കിയെങ്കിൽ മാത്രമേ നെല്ലിയാമ്പതി ടൂറിസം മേഖല മെച്ചപ്പെടുകയുള്ളു. ഈ സാമ്പത്തിക വർഷത്തിലെങ്കിലും മുഴുവൻ പണിയും പൂർത്തിയാക്കാനുള്ള നടപടിയുണ്ടാകണം. ആന്ധ്രയിൽനിന്ന് ഇത്രയും തുക



LIBRARY ARCHIVES Kerala Legislative Assembly